# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.5997 28.10.2011- ൽ മറുപടിയ്ക്ക്

## പി.എസ്.സി വഴി നടക്കുന്ന നിയമനങ്ങൾ ഓഡിറ്റ് ചെയ്യാൻ നടപടി

ചോദ്യം :

ശ്രീ. വി.ശശി

ഉത്തരം :

ശ്രീ. ഉമ്മൻ ചാണ്ടി

ബഹു : മുഖ്യമന്ത്രി

(എ). പി.എസ്.സി മുഖേന നടക്കുന്ന നിയമനങ്ങൾ ഓഡിറ്റ് ചെയ്യാൻ എടുത്ത തീരുമാനങ്ങളിൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാം എന്ന് വിശദീകരിക്കുമോ ;

(എ) സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകളിലും 1.01.2001 മുതൽ 31.12.2010 വരെ പി.എസ്.സി മുഖേന നടത്തിയിട്ടുള്ള നിയമനങ്ങൾ പരിശോധിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ കീഴിൽ സ്പെഷ്യൽ സെൽ രൂപീകരിച്ചുകൊണ്ട് 14.12.2010 ലെ ജി.ഒ.(പി) നമ്പർ 40/10/ഉ.ഭ.പ.വ പ്രകാരം സർക്കാർ ഉത്തരവാകുകയും അതിന്റെ അടിസ്ഥാനത്തിൽ റവന്യൂ, വനം എന്നീ വകുപ്പുകളിൽ നിയമന പരിശോധന ഇതിനോടകം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ പരിശോധന തുടരുന്നു.

ബി). എംപ്ലോയ് മെന്റ് എക്സ്ചേഞ്ചു വഴിയും പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ നിയന്ത്രണത്തിലുള്ള സ്വയം ഭരണ സ്ഥാപനങ്ങളിലും നടക്കുന്ന നിയമനങ്ങൾ ഓഡിറ്റ് ചെയ്യാൻ സർക്കാർ തയ്യാറാകുമോ?

(ബി) ഇപ്പോൾ നടന്നു വരുന്ന പരിശോധനയോടൊപ്പം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം ലഭിച്ച വികലാംഗരുടെ രേഖകളും, ആശ്രിത നിയമന പദ്ധതി വഴി ഈ കാലയളവിൽ നിയമനം ലഭിച്ചവരുടെ രേഖകളും പരിശോധിച്ചു വരുന്നു. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ നിയന്ത്രണത്തിലുള്ള സ്വയം ഭരണ സ്ഥാപനങ്ങളിലും നടന്നിട്ടുള്ള നിയമനങ്ങൾ സർക്കാർ വകുപ്പുകളിലെ എല്ലാ പരിശോധനയും പൂർത്തിയായ ശേഷം മാത്രമേ പരിഗണിക്കാനാവൂ.

സെക്ഷൻ ഓഫീസർ